(സി) കഴിഞ്ഞ നാലുവർഷത്തിനിടയിൽ എത്രപ്രാവശ്യം ഡീസൽ, പാചക വാതകം, പെട്രോൾ എന്നിവയ്ക്ക് കേന്ദ്രസർക്കാർ വില വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രസർക്കാർ കൂടെക്കൂടെ നടപ്പാക്കുന്ന ഇത്തരം വില വർദ്ധനവിനെതിരെ സംസ്ഥാന സർക്കാർ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) പാചകവാതകത്തിന് വീണ്ടും വില വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ പാചക വാതകം ഉപയോഗിക്കുന്നവർക്ക് നിലവിലുള്ള പെർമിറ്റ് അനുസരിച്ചുള്ള മണ്ണെണ്ണ ലഭ്യമാക്കുന്നതിന് മണ്ണെണ്ണയുടെ കേന്ദ്ര അലോട്ടമെന്റ് കൂട്ടിക്കിട്ടുന്നതിനാവശ്യമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) മണ്ണെണ്ണ, പാചകവാതകം, ഡീസൽ തുടങ്ങിയവയുടെ വില വീണ്ടും വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാർ ഉദ്ദേശിക്കുന്നതായി അറിയുന്നു. രേഖാമൂലമായി അറിയിപ്പുകൾ ഒന്നും തന്നെ ലഭിച്ചിട്ടില്ല.

(ബി) പ്രെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നത് കേരളത്തെ ദോഷകരമായി ബാധിക്കുമെന്ന് കേന്ദ്രത്തെ സംസ്ഥാന സർക്കാർ ധരിപ്പിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ നാലു വർഷത്തിനിടയിൽ പെട്രോളിന് മൂന്നു പ്രാവശ്യവും ഡീസലിന് ഏഴ് പ്രാവശ്യവും പാചകവാതകത്തിന് മൂന്നു പ്രാവശ്യവും കേന്ദ്രസർക്കാർ വില വർദ്ധിപ്പിക്കുകയുണ്ടായി.

(ഡി) കേന്ദ്ര സർക്കാർ ഡീസൽ, പാചകവാതകം, പെട്രോൾ എന്നിവയ്ക്ക് വില വർദ്ധിപ്പിക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടാവുന്ന അധികഭാരവും ബുദ്ധിമുട്ടുകളും കേന്ദ്ര സർക്കാരിനെ യഥാസമയം അറിയിച്ചിട്ടുണ്ട്.

(ഇ) കേന്ദ്രം സംസ്ഥാനത്തിന് അനുവദിക്കുന്ന മണ്ണെണ്ണ നിലവിലുള്ള ആവശ്യകതയ്ക്കുതന്നെ അപര്യാപ്തമാകയാൽ അലോട്ട്മെന്റ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടുണ്ട്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം

19 (*319)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശാസ്ത്ര സാങ്കേതിക പുരോഗതി കൈകാര്യം ചെയ്യുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പ് ഏറ്റെടുത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി സ്കീമുകൾ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) 'കാണുക വിശ്വസിക്കുക' എന്ന ആശയം പ്രചരിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ സയൻസ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെ എന്ന് വെളിപ്പെടുത്തുമോ; അവയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ഓരോ സ്ഥാപനവും ശാസ്ത്ര സാങ്കേതിക മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണ് എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ശാസ്ത്ര സാങ്കേതിക പുരോഗതി കൈകാര്യം ചെയ്യുന്നതിനുമായി താഴെപ്പറയുന്ന നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്. വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനീകരിക്കുന്നതിനും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായുള്ള ആശയ വിനിമയം കാര്യക്ഷമമാക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി തിരുവനന്തപുരത്തെ ഇലക്ട്രോണിക് റിസർച്ച് ആൻഡ് ഡവലപ്മെന്റ് കോർപ്പറേഷന്റെ സഹായത്തോടെ സ്റ്റെപ്പ് നെറ്റ എന്ന പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ഗവേഷണ വികസന സ്ഥാപനങ്ങളുടെ പ്രവർത്തനം തമ്മിലുള്ള ഇടപെടലുകൾ ചീഫ് സെക്രട്ടറി ചെയർമാനായുള്ള കമ്മിറ്റി കാലാകാലങ്ങളിൽ യോഗം കൂടി പുരോഗതി വിലയിരുത്താറുണ്ട്. വകുപ്പിനുവേണ്ടി പണിയുന്ന പുതിയ കെട്ടിടം പൂർത്തിയാകുന്നതോടെ ഓഫീസ് ഫയൽ പണികൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കാൻ സാദ്ധ്യമാകും. കൂടാതെ ഒരു ഇലക്ട്രോണിക് റഫറൻസ് ലൈബ്രറി സ്ഥാപിക്കാനുള്ള നടപടികളും പൂർത്തിയായി വരുന്നു.

(ബി) ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ താഴെ പറയുന്നവയാണ്:

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വിഷയങ്ങളിൽ ഗവേഷണം നടത്തുന്ന ഗവേഷണ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സന്നദ്ധസംഘടനകൾക്കും സാമ്പത്തിക സഹായം നൽകുന്നു. ശാസ്ത്ര സംബന്ധമായ സെമിനാറുകൾ, ശില്പശാലകൾ തുടങ്ങിയവ നടത്തുന്നതിനും വിദേശങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ പോകാനുള്ള യാത്രാബത്തയ്ക്കും സാമ്പത്തിക സഹായവും നൽകുന്നു. സംസ്ഥാനത്തെ യുവഗവേഷകർക്കും തങ്ങളുടെ കണ്ടെത്തലുകൾ അവതരിപ്പിക്കാൻ ഉദ്ദേശിച്ചുള്ള കേരള ശാസ്ത്ര കോൺഗ്രസ്സ് നടത്തുന്നു. അതിനോടനുബന്ധിച്ച് യുവശാസ്ത്രജ്ഞന്മാർക്ക് അവാർഡുകളും നൽകുന്നു. പരിസ്ഥിതി സംരക്ഷണത്തിനായി പ്ലാനിംഗ് കമ്മറ്റിയും ടാസ്ക് ഫോഴ്സും തീരദേശ സംരക്ഷണത്തിനായുള്ള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും ജൈവവൈവിദ്ധ്യ കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്.

(സി) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സയൻസ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും എല്ലാ വിദ്യാഭ്യാസ ജില്ലകളിലും മാതൃകാപരമായി പ്രവർത്തിക്കുന്ന ഓരോ സയൻസ് ക്ലബ്ബുകൾ ദത്തെടുക്കാനും അവയ്ക്കു വേണ്ട സാമ്പത്തിക സഹായം നൽകാനുള്ള പദ്ധതിക്ക് രൂപം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ ഗവേഷകർക്കും ശാസ്ത്രജ്ഞന്മാർക്കും മുഴുവൻ പ്രയോജനപ്രദമായ രീതിയിൽ ഒരു ഇലക്ട്രോണിക് റഫറൽ ലൈബ്രറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

പ്രശസ്തരായ ഭാരതീയ ശാസ്ത്രജ്ഞരുടെ പ്രഭാഷണങ്ങൾ എല്ലാ മാസവും സംസ്ഥാനത്ത് സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. മാനവീയം സാംസ്ക്കാരിക പരിപാടിയുടെ ഭാഗമായി ശാസ്ത്ര പ്രഭാഷണങ്ങളും ശാസ്ത്ര സംബന്ധിയായ വീഡിയോ ചിത്രങ്ങൾ നിർമ്മിച്ച് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പ്രദർശിപ്പിക്കാനുള്ള പദ്ധതി പുതുതായി ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഗവേഷണ വിദ്യാർത്ഥികൾക്കായി 20 റിസർച്ച് ഫെലോഷിപ്പുകൾ വിവിധ വിഷയങ്ങളിൽ അടുത്ത സാമ്പത്തിക വർഷം മുതൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

(ഡി) 'കാണുക വിശ്വസിക്കുക' എന്ന ആശയം പ്രചരിപ്പിക്കുന്നതിന് വിദ്യാലയങ്ങളിൽ ശാസ്ത്ര സാങ്കേതിക വകുപ്പ് നേരിട്ട് സയൻസ് ക്ലബ്ബുകൾ രൂപീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും സയൻസ് ക്ലബ്ബുകൾ രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഏഴ് സ്വതന്ത്ര ഗവേഷണ വികസന കേന്ദ്രങ്ങളാണ് ഇപ്പോൾ ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നത്.

1. കേരള വനഗവേഷണ കേന്ദ്രം, പീച്ചി, തൃശൂർ.
2. ജലവിഭവ വികസന വിനിമയ കേന്ദ്രം, കോഴിക്കോട്.
3. ഭൗതീക ശാസ്ത്രപഠന കേന്ദ്രം, ആക്കുളം, തിരുവനന്തപുരം.
4. ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പാലോട്, തിരുവനന്തപുരം.
5. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റ്പാക്ക്), തിരുവനന്തപുരം.
6. ഏജൻസി ഫോർ നോൺ കൺവെൻഷണൽ എനർജി ആന്റ് റൂറൽ ടെക്നോളജി (അനെർട്ട്), തിരുവനന്തപുരം.
7. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, ജഗതി, തിരുവനന്തപുരം.

ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം സർക്കാർ വിലയിരുത്താറുണ്ട്.

(എഫ്) ഓരോ സ്ഥാപനവും ശാസ്ത്രസാങ്കേതിക മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

സർക്കാർ ആശുപത്രികൾക്ക് ആവശ്യമുള്ള മരുന്നുകളും ഭക്ഷ്യവസ്തുക്കളും വിതരണം ചെയ്യുന്നതിനുള്ള അധികാരം സിവിൽ സപ്ലൈസ് വകുപ്പിന് നൽകാൻ നടപടി

20 (*320) ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly